**പ്രത്യേക പരാമർശം**

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ....

നിയമസഭാ സമ്മേളനം സംബന്ധിച്ച് വിവിധ മാധ്യമങ്ങളിൽ വന്ന വാർത്തകളുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ചെയർ ആഗ്രഹിക്കുകയാണ്. സഭാ നടപടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചെയർ എടുക്കുന്ന തീരുമാനങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്ന തരത്തിലുള്ള പ്രസ്താവനകളും പത്ര വാർത്തകളും കഴിഞ്ഞ ദിവസങ്ങളിൽ ഉയർന്നുവന്നിട്ടുള്ളതായി ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച് ചെയറിന് പറയാനുള്ളത് സഭാസമ്മേളനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതത് ദിവസത്തെ കാര്യപരിപാടികളും മറ്റ് ബിസിനസ്സുകളും തീരുമാനിക്കുന്നതും നടപ്പാക്കുന്നതും ഭരണഘടനയിലെയും സഭയുടെ നടപടിചട്ടങ്ങളിലെയും ബന്ധപ്പെട്ട വ്യവസ്ഥകളും സഭയുടെ കീഴ്വഴക്കങ്ങളും പാലിച്ചുകൊണ്ടുമാത്രമാണ് എന്നുള്ളതാണ്. ഓരോ കാര്യങ്ങളും തീരുമാനിക്കുമ്പോഴും ചെയർ അത്തരം വ്യവസ്ഥകൾക്ക് മാത്രമാണ് പ്രാമുഖ്യം നൽകുന്നത്. മറ്റൊന്നുംതന്നെ ചെയറിനെ സ്വാധീനിക്കുന്നില്ലെന്ന

കാര്യം അസന്നിദ്ധമായി പ്രഖ്യാപിക്കുകയാണ്. വസ്തുതാപരമല്ലാത്ത തരത്തിൽ ഇക്കാര്യങ്ങളെ വ്യാഖ്യാനിക്കുന്നത് അങ്ങേയറ്റം ഖേദകരമാണെന്നും ഇത് പാർലമെന്ററി മര്യാദയുടെ ലംഘനമാണെന്നും അറിയിക്കട്ടെ. അതോടൊപ്പം സഭയിൽ ഉന്നയിക്കപ്പെടുന്നതിനുള്ള റൂൾ 50 നോട്ടീസ് ഉൾപ്പെടെയുള്ള കാര്യങ്ങളിലെ വിശദാംശം അത് സഭയിൽ ഉന്നയിക്കപ്പെടുന്നതിന് മുമ്പുതന്നെ വാർത്താമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന പ്രവണതയും വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇത്തരം നടപടികളും പാർലമെന്ററി മര്യാദകൾക്ക് വിരുദ്ധമാണെന്ന് അറിയിക്കുന്നു.